# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂൺ 8 | ദീപം 56 | നാളം 14 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ഈ ചെങ്കോൽ ജനാധികാരത്തിന്റെയോ രാജാധികാരത്തിന്റെയോ ?



ഡിജോ കാപ്പൻ

**ലോ**കത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയുടെ പുതിയ പാർലമെന്റുമന്ദിരം ഇങ്ങനെയായിരുന്നോ രാജ്യത്തിനു സമർപ്പിക്കപ്പെടേണ്ടിയിരുന്നത് എന്ന സന്ദേഹം മനസ്സിൽ സൂക്ഷിക്കുന്നവരുടെ കൂട്ടത്തിലാണ് ഈ ലേഖകനും.

പുതിയ പാർലമെന്റുമന്ദിരം എന്തിന് എന്ന ചോദ്യത്തിനു മറുപടിയായി കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞ വിശദീകരണം ഇതാണ്: നിലവിലെ പാർലമെന്റുമന്ദിരത്തിന് നൂറുവർഷത്തോളം പഴക്കമായി; സ്ഥലവും സൗകര്യവും സാങ്കേതികവിദ്യയും അപര്യാപ്തം; ഭാവിയിലെ ആവശ്യങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്; 440 പേർക്കുമാത്രം ഇരിക്കാൻ സൗകര്യമുള്ള സെൻട്രൽ ഹാളിൽ സംയുക്തസമ്മേളനം നടക്കുമ്പോൾ ഇരിപ്പിടമൊരുക്കാൻ പ്രയാസം.

നൂറുവർഷത്തെ പഴക്കം പുതിയ മന്ദിരം പണിയാൻ ഒരു അനിവാര്യതയല്ലെങ്കിലും കേന്ദ്രസർക്കാർ പറഞ്ഞ മറുവാദങ്ങൾ യുക്തിസഹമായിരുന്നു. എന്നാൽ, ലോകത്തെ പല പ്രമുഖരാജ്യങ്ങളുടെയും (ബ്രിട്ടൺ, ജർമനി, യു.എസ്.എ. തുടങ്ങിയവ) പാർലമെന്റുമന്ദിരങ്ങൾക്ക് അനേകം ശതാബ്ദങ്ങളുടെ പഴക്കമുണ്ട്. എങ്കിലും രാജ്യത്തിന്റെ ജനാധിപത്യഭവനം പണിപൂർത്തീകരിച്ചു ഗൃഹപ്രവേശനച്ചടങ്ങ് നടക്കുന്ന ചരിത്രമുഹൂർത്തത്തിൽ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും സഹകരണം ഉറപ്പുവരുത്താൻ കേന്ദ്രസർക്കാരിനു കഴിയേണ്ടതായിരുന്നു.

അതിനുപകരം, ആരും പങ്കെടുത്തില്ലെങ്കിലും ഉദ്ഘാടനം നടക്കുമെന്ന മനോഭാവമാണ് പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും സ്വീകരിച്ചത്. നിർഭാഗ്യവശാൽ ഇത്തരമൊരു ജനാധിപത്യവിരുദ്ധസമീപനം, അതിനെത്തുടർന്നുള്ള വിവാദങ്ങൾ, പുതിയ മന്ദിരം പണിയാൻ തീരുമാനിച്ചതുമുതലുണ്ട്.

പുതിയ പാർലമെന്റുമന്ദിരവും സെൻട്രൽ സെക്രട്ടേറിയറ്റും ഉപരാഷ്ട്രപതിയുടെയും പ്രധാനമന്ത്രിയുടെയും വസതികളും ഉൾപ്പെടുന്ന 20000 കോടി രൂപ ചെലവിട്ടുള്ള സെൻട്രൽ വിസ്റ്റ പദ്ധതിക്കു തുടക്കമിടുന്നത് കൊവിഡ് ആരംഭിച്ച കാലത്താണ്. 2020 ഏപ്രിൽ 23 നാണ് സെൻട്രൽ വിസ്റ്റ സമിതി പാർലമെന്റുമന്ദിരനിർമാണത്തിന് ഓൺലൈൻ യോഗത്തിലൂടെ അനുമതി നൽകിയത്. പുതിയ പാർലമെന്റുമന്ദിരത്തിന്റെ രൂപരേഖമുതൽ ശിലാസ്ഥാപനം, നിർമാണം, സൗകര്യങ്ങൾ, ഉദ്ഘാടനം ഈവക കാര്യങ്ങളെക്കുറിച്ചൊന്നും പ്രതിപക്ഷത്തെ ഏറ്റവും തലമുതിർന്ന അംഗങ്ങളോടുപോലും ആശയവിനിമയം നടത്തുകയോ അഭിപ്രായം ആരായുകയോ ചെയ്തില്ലെന്നത്, എത്ര ഏകപക്ഷീയവും ഏകാധിപത്യപരവുമായിട്ടാണ് പാർലമെന്റുമന്ദിരം പണികഴിപ്പിച്ചത് എന്നു വ്യക്തമാക്കുന്നുണ്ട്.

പാർലമെന്ററിജനാധിപത്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും തുല്യപ്രാധാന്യവും പരിഗണനയും നൽകുകയെന്ന കേവലമര്യാദ ഒരു ഘട്ടത്തിലും ഉണ്ടായതായി കാണുന്നില്ല. നിലവിലുള്ള അംഗങ്ങളും ഭാവിയിൽ അംഗങ്ങളാകേണ്ടവരും നിയമനിർമാണത്തിനായി ഒത്തുചേരേണ്ട ഇടം എങ്ങനെയായിരിക്കണം എന്നതിൽ പ്രതിപക്ഷാംഗങ്ങൾക്കും ഭരണപക്ഷത്തെ അംഗങ്ങൾക്കും അഭിപ്രായംപോലും പ്രകടിപ്പിക്കാൻ അവസരം ഉണ്ടായില്ലെന്നത് രാജ്യത്തിനുതന്നെ അപമാനകരമാണ്. ഫെഡറലിസത്തിൽ അധിഷ്ഠിതമായ ഭരണമാണ് രാജ്യത്തു നിലവിലുള്ളതെങ്കിലും പുതിയ മന്ദിരം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചു സംസ്ഥാനങ്ങളുടെ അഭിപ്രായം തേടിയിട്ടില്ല.

പുതിയ പാർലമെന്റുമന്ദിരനിർമാണപദ്ധതിയുടെ രൂപകല്പന, ആസൂത്രണം, നിർമാണം എന്നിങ്ങനെ സർവകാര്യങ്ങളും പ്രതിപക്ഷത്തിൽനിന്നും ജനങ്ങളിൽനിന്നും മറച്ചുപിടിക്കാൻ ശ്രമിച്ചുവെന്നത് അക്ഷന്തവ്യമായ അപരാധമാണെന്നു പറയാതെവയ്യ.

പദ്ധതിയുടെ നിർമാണം കൊവിഡ്പ്രതിസന്ധി ബാധിക്കാതെ വളരെ ചെറിയ സമയത്തിനുള്ളിൽ പൂർത്തീകരിച്ചു എന്നതു നേട്ടംതന്നെ. എങ്കിലും പ്രതിപക്ഷം ഉന്നയിച്ച പല വിമർശനങ്ങളും പ്രസക്തിയുള്ളതാണ്. പദ്ധതിയുടെ ഡിസൈൻ കൺസൾട്ടന്റിനെ തീരുമാനിച്ചത് ഓപ്പൺ ടെൻഡറില്ലാതെ പ്രധാനമന്ത്രിയുടെ ജന്മനാടായ ഗുജറാത്തിലെ കമ്പനിയെയായിരുന്നു.

നിർമാണം പുരോഗമിക്കുന്നതിനിടെ പാർലമെന്റുമന്ദിരത്തിനു മുകളിൽ സ്ഥാപിച്ച അശോകസ്തംഭത്തിലുള്ളത് സാരാനാഥിലെ സിംഹങ്ങളുടെ യഥാർഥ രൂപമല്ല, രൗദ്രഭാവമുള്ള സിംഹങ്ങളാണെന്നത് ആരോപണമായെങ്കിലും ഭരണകൂടം അതു ഗൗനിച്ചില്ല. അശോകസ്തംഭത്തിന്റെ അനാച്ഛാദനംപോലും രാഷ്ട്രപതിയല്ല, പ്രധാനമന്ത്രിയാണു നിർവഹിച്ചത്.

ലോകസഭയും രാജ്യസഭയും കൂടിച്ചേരുന്നതാണ് പാർലമെന്റ്. രണ്ടു സഭകൾക്കുംകൂടി ഒരു നേതാവല്ല ഉള്ളത്. ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്ന അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന ലോകസഭയിലെ നേതാവാണ് നരേന്ദ്രമോദി. പിയൂഷ് ഗോയലാണ് രാജ്യസഭയിലെ ബി.ജെ.പിയുടെ നേതാവ്. രാഷ്ട്രത്തിന്റെയും പാർലമെന്റിന്റെയും ഇപ്പോഴത്തെ അധിപതി ദ്രൗപദി മുർമു ആണ്. കേന്ദ്രമന്ത്രിസഭയുടെ ശിപാർശപ്രകാരം സഭാസമ്മേളനം വിളിച്ചുകൂട്ടാനുള്ള അധികാരം രാഷ്ട്രപതിക്കാണ്. ഭാരതത്തിന്റെ പ്രഥമപൗരനായ പ്രസിഡന്റാണ് രാജ്യത്തെ സർവസൈന്യാധിപൻ. രാജ്യത്തിന്റെയും പാർലമെന്റിന്റെയും അധിപൻ അല്ലെങ്കിൽ അധിപ രാഷ്ട്രപതിയാണ്. പാർലമെന്റിന്റെ സംയുക്തസമ്മേളനത്തിലെ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതും പ്രസിഡന്റാണ്. ഇന്ത്യൻ പ്രധാനമന്ത്രിയും സുപ്രീംകോടതി ചീഫ് ജസ്റ്റീസും പ്രസിഡന്റിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്താണ് അധികാരത്തിലെത്തുന്നത്. ഇനി വായനക്കാർക്കു തീരുമാനിക്കാം, ആരായിരുന്നു പുതിയ പാർലമെന്റുമന്ദിരം ഉദ്ഘാടനം ചെയ്യേണ്ടിയിരുന്നത്?



വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർക്കു തുല്യമായ അവകാശം ഉറപ്പുവരുത്തിയിട്ടുള്ള ഭരണഘടനയാണ് ഇന്ത്യയുടേത്. അങ്ങനെ മതനിരപേക്ഷമായി പ്രവർത്തിക്കുന്ന രാജ്യത്തെ പാർലമെന്റുമന്ദിരോദ്ഘാടനം ജാതിവത്കരിച്ചു എന്ന ആക്ഷേപമാണ് പുറത്തുവരുന്നത്. മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സിക്ക്, പാഴ്സി, ദളിത്, പിന്നാക്ക, ആദിവാസി, ഗോത്രവിശ്വാസങ്ങളെ ഇല്ലാതാക്കി ഏകമുഖവിശ്വാസത്തിലേക്ക് ഇന്ത്യയെ മാറ്റുമെന്ന പ്രചാരണം നടക്കുന്ന കാലഘട്ടത്തിൽ ഇത്തരം ചടങ്ങുകൾ നടത്തുമ്പോൾ വിവേകപൂർവമായ നടപടികളായിരുന്നു ഭരണാധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടിയിരുന്നത്. ബ്രിട്ടീഷുകാരിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ച ഇന്ത്യ ഏകാധിപത്യത്തിലേക്കും അടിമത്തത്തിലേക്കും തിരിച്ചുപോകുന്നതിന്റെ ചൂണ്ടുപലകയാണോ പുതിയ മന്ദിരോദ്ഘാടനത്തിലെ ചെങ്കോലിന്റെ 'റോൾ'. ബ്രിട്ടീഷുകാർ ഭാരതം പിടിച്ചെടുത്തത് പല നാട്ടുരാജാക്കന്മാരുടെ കൈകളിൽനിന്നായിരുന്നു. അല്ലാതെ 'ഒരു' രാജാവിനെ കീഴടക്കി അദ്ദേഹത്തിന്റെ അധികാരചിഹ്നമായ ചെങ്കോൽ കൈക്കലാക്കുകയല്ല ചെയ്തത്.

ഇവിടെ പുലരുന്നത് രാജാധികാരമോ? ▶12



# CHAITHANYA TRUST HOSPITAL &COLLEGE OF MEDICAL SCIENCES

KOZHA
KURAVILANGAD
KOTTAYAM- 686633
Ph: 9645090576
9745300576, 9745400576
Web: www.mmcollege.in
Email:cthmmc@gmail.com



**പാരാമെഡിക്കൽ വിഷയങ്ങളിൽ യുജിസി അംഗീകൃതയൂണിവേഴ്സിറ്റികളുടെ 3 വർഷ ഡിഗ്രി, രണ്ടുവർഷ അഡ്വാൻസ്ഡ് ഡിപ്ലോമാ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു**

1. Bachelor of Voc. in Medical Laboratory Technology (B.Voc. MLT )
   Eligibility : +2 pass (any group) Duration - 3 year
2. Bachelor of Voc. in Radiology and Medical Imaging Technology (B.Voc RMIT)
   +2 pass (any group) 3 year
3. Bachelor of Voc. in Operation Theater Technology (B.Voc OTT )
   +2 pass (any group) 3 year
4. Bachelor of Voc. in Dialysis Technology (B.Voc DT)
   +2 pass (any group) 3 year



■SSLC കഴിഞ്ഞവർക്ക് നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിലേക്ക് അപേക്ഷിക്കാം. പഠനത്തോടൊപ്പം ഹോസ്പിറ്റൽ പരിശീലനവും പെൺകുട്ടികൾക്ക് ഹോസ്റ്റൽസൗകര്യവുമുണ്ട്. അവസാന സെമസ്റ്ററിൽ മൾട്ടിസ്പെഷ്യാലിറ്റി ഉൾപ്പെടെ യുള്ള ആശുപത്രികളിൽ പരിശീലനവും നൽകുന്നു.

---

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

---

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

---

# MADONNA ITI

## INSTITUTE OF ELECTRONICS ENGINEERING

KANJIRAPALLY - 686 506, KOTTAYAM DIST, KERALA
PH : 04828 202632, 202104, 996 1944 440
madonnaitc@gmail.com



വിൻസെൻഷ്യൻ വൈദികരുടെ നേതൃത്വത്തിൽ
കഴിഞ്ഞ 44 വർഷക്കാലമായി മികച്ച രീതിയിൽ നടത്തിവരുന്ന
കാഞ്ഞിരപ്പള്ളിയിലെ പ്രമുഖ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം

**N.C.V.T. കോഴ്സുകൾ**

- ഇലക്ട്രീഷ്യൻ (2 വർഷം)
- റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് ( MRAC ) 2 വർഷം

**നോൺ ഫോർമൽ കോഴ്സ്**

- ഓട്ടോ മൊബൈൽ സർവ്വീസ് അസിസ്റ്റന്റ് കം ടെക്നീഷ്യൻ (ടാറ്റാ സർട്ടിഫിക്കറ്റ് ) 1 വർഷം
- പ്ലംബർ ( ടാറ്റ സർട്ടിഫിക്കറ്റ് ) 3 മുതൽ 6 മാസം വരെ ( N.C.V.T കോഴ്സ് പഠിക്കുന്നവർക്ക് മാത്രം)

- ★ തവണകളായി ഫീസ് അടയ്ക്കുന്നതിനുള്ള സൗകര്യം
- ★ സ്കോളർഷിപ്പ് സൗകര്യം
- ★ സൗജന്യ പി.എസ്.സി. കോച്ചിംഗ്
- ★ പ്രത്യേക ഹോസ്റ്റൽ സൗകര്യം
- ★ എക്കോ ഫ്രീ ക്യാമ്പസ്
- ★ ഉന്നത വിദ്യാഭ്യാസവും പരിശീലനവുമുള്ള അദ്ധ്യാപകർ
- ★ ഉദ്യോഗാർത്ഥിക്ക് 100% ജോലി ഉറപ്പ്

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

# തലച്ചോർ ചോർത്തുന്ന കാലം!



ദിനു ദിലീപ്

മനസ്സിന്റെയും തലച്ചോറിന്റെയും നിഗൂഢതകൾ പലതും സങ്കീർണമാണ്. മനസ്സ് എപ്പോഴും നമ്മെ ആകർഷിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്നു. തത്ത്വചിന്തകരും പിന്നീട് ന്യൂറോളജിസ്റ്റുകളും ന്യൂറോ സയന്റിസ്റ്റുകളും അനുബന്ധമേഖലകളിലെ മറ്റു ശാസ്ത്രജ്ഞരും നൂറ്റാണ്ടുകളായി മനസ്സിന്റെയും തലച്ചോറിന്റെയും രഹസ്യം തേടി നടന്നതിന്റെ ഫലമായി ലഭിച്ച ശാസ്ത്രീയതെളിവുകളും ആശയങ്ങളും ഇപ്പോൾ നമുക്കുമുന്നിലുണ്ട്.

മസ്തിഷ്കത്തിന്റെ പ്രവർത്തനത്തിൽ പ്രകടമാകുന്ന ഭൗതികസവിശേഷതകളിലൊന്നാണ് മനസ്സ്. ബോധം അഥവാ മനസ്സ് എല്ലായ്പ്പോഴും സംഭവിക്കുന്നതും നിലനിൽക്കുന്നതും തലച്ചോറിന്റെ പ്രവർത്തനത്തിനൊപ്പമാണ്. രണ്ടും മറ്റൊന്നില്ലാതെ ഒരിക്കലും ഒറ്റയ്ക്കു സംഭവിക്കുന്നില്ല. ആരോഗ്യമുള്ള മസ്തിഷ്കത്തിന്റെ വിവരവിശകലനപ്രക്രിയകളിൽനിന്നു പ്രത്യക്ഷമാകുന്ന ശാരീരികപ്രവർത്തനമാണു മനസ്സ്.

തലച്ചോറിനെ മാറ്റാനുള്ള മനസ്സിന്റെ കഴിവാണ് ന്യൂറോപ്ലാസ്റ്റിറ്റി. മാനസികാനുഭവങ്ങൾ തലച്ചോറിലെ ശാരീരികപ്രവർത്തനങ്ങളിൽനിന്നുമാത്രമേ ഉണ്ടാകൂ. എന്നാൽ, ന്യൂറോ സയന്റിസ്റ്റുകളുടെ പഠനങ്ങൾപ്രകാരം നമ്മുടെ മാനസികചിന്തകൾ ബ്രെയിൻ കെമിസ്ട്രിയിലൂടെ നമ്മുടെ മസ്തിഷ്കഘടനയെ മാറ്റുന്നുവെന്നു കണ്ടെത്തി. അതുകൊണ്ടുതന്നെ, മനോനിലകൾ അഥവാ വികാരവിചാരങ്ങൾ മാറുമ്പോൾ തലച്ചോറിനും മാറ്റം വരുന്നു. നല്ല ശീലങ്ങളുടെയും ദുശ്ശീലങ്ങളുടെയും മാനസികമാറ്റങ്ങൾ അതിനാലാണ്. മനസ്സിന്റെ മാറ്റം തലച്ചോറിനെയും തലച്ചോറിന്റെ മാറ്റം മനസ്സിനെയും പരസ്പരം ബാധിക്കും. എല്ലാ ഇന്ദ്രിയങ്ങളും അവയുടെ അനുഭവങ്ങളും മനസ്സിനെ ബാധിക്കാൻ കാരണമതാണ്. ഗാനത്തിനും പ്രകൃതിരമണീയതയ്ക്കും മനസ്സിനെയും അതിലൂടെ ശരീരത്തെയും സ്വാധീനിക്കാൻ സാധിക്കുന്നതിന്റെ കാരണമതാണ്.

ജൈവകുലത്തിലെ ജീനുകളിലെ പരിണാമത്തിന്റെ ഫലമാണ് ബ്രെയിൻ. ജീനുകളാലും അനുഭവങ്ങളാലും മസ്തിഷ്കം മാറ്റപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നു. കാലാനുസൃതമായ തുടർപരിണാമങ്ങളിലൂടെയുള്ള കേന്ദ്രനാഡീവ്യവസ്ഥയുടെ പുരോഗമനപരമായ വികാസം ഇന്നത്തെ മനുഷ്യബുദ്ധിയിൽ എത്തിനിൽക്കുന്നു. മനുഷ്യമസ്തിഷ്കം ഇപ്പോഴും പരിണാമത്തിനു വിധേയമാണ്. ഞാൻ എന്ന ബോധവും ബുദ്ധിയും ആത്മാവ് എന്ന അറിവും ജീവനും എല്ലാം തലച്ചോറിന്റെ ശാരീരികപ്രവർത്തനംമാത്രം. ബ്രെയിൻ എന്ന അവയവത്തിന്റെ ശാരീരികധർമമാണ് മനസ്സായി തിരിച്ചറിയുന്നത്. പരിണാമപരമായി മറ്റൊരു ജീവിക്കും മനുഷ്യമസ്തിഷ്കത്തിന്റെ വലുപ്പമോ ചുളിവുകളോ ഇല്ല. പ്രതലവിസ്തീർണ്ണം കൂടിയ ആ ചുളിവുകളുടെ രഹസ്യമാണ് മസ്തിഷ്കബോധം അടങ്ങുന്ന മനസ്സ്. മനസ്സും ബുദ്ധിയും ബോധവുംമൂലമുള്ള അസാധാരണമായ ഗുണഫലങ്ങൾ മനുഷ്യന്റെ അതിജീവനസാധ്യത പരിണാമപരമായി വർധിപ്പിക്കാൻ സഹായിച്ചു.

പ്രപഞ്ചത്തിലെ ഏറ്റവും സങ്കീർണവസ്തുവായ മനുഷ്യമസ്തിഷ്കം; ബുദ്ധി, വികാരം, ബോധം, ഓർമ, സർഗാത്മകത എന്നിവയ്ക്കു കാരണമാകുന്ന നാഡീവ്യൂഹവുമായി ബന്ധിപ്പിച്ചിരിക്കുന്ന നൂറു ബില്യണിലധികം ന്യൂറോണുകൾ ഉൾക്കൊള്ളുന്ന തലച്ചോറിലെ സെറിബ്രൽ കോർട്ടെക്സിലെ നെറ്റ്‌വർക്കുകളിലും സർക്യൂട്ടുകളിലുമുള്ള ന്യൂറൽ കണക്ഷനുകൾ മനസ്സിന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. വിവിധ ഇന്ദ്രിയങ്ങൾവഴി അവയെ ബന്ധിപ്പിക്കുന്ന ന്യൂറോണുകളിലേക്ക് ഇടതടവില്ലാതെ വൈദ്യുതസിഗ്നൽ പ്രത്യേക അനുപാതത്തിലും ക്രമത്തിലും എത്തുന്നു. ഒരു ന്യൂറോണിൽനിന്നു മറ്റൊരു ന്യൂറോണിലേക്ക് അവയുടെ ആക്സോൺവഴി (നാഡീകോശങ്ങളിൽനിന്നു സിഗ്നൽ സഞ്ചരിക്കുന്ന കേബിൾ) സിനാപ്സുമായി (വൈദ്യുത ന്യൂറോൺ ജങ്ഷൻ) ബന്ധപ്പെടുത്തിയിരിക്കുന്നു. സിനാപ്സുകളിൽ എത്തുന്ന വൈദ്യുതസിഗ്നൽ അടുത്ത ന്യൂറോണിൽ കൈമാറ്റം ചെയ്യപ്പെടുന്നു. തൽഫലമായി നാഡീപ്രവർത്തനപ്രോഗ്രാം മറ്റു ന്യൂറോണുകളിലേക്ക് എത്തുന്നു.

ഇതിനൊക്കെ പങ്കുവഹിക്കുന്ന ന്യൂറോ ട്രാൻസ്മിറ്റർ എന്നു വിളിക്കപ്പെടുന്ന രാസഘടകങ്ങൾ ഏതൊക്കെ ഇടങ്ങളിൽ ഏതൊക്കെത്തരം നാഡീവ്യൂഹം ഉത്തേജിപ്പിക്കുന്നു തളർത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ബ്രെയിൻ ഭാഗം പ്രവർത്തിക്കണമെന്നു തീരുമാനിക്കുന്നു. ഓരോ ന്യൂറോണിനും ഏകദേശം 25,000 അല്ലെങ്കിൽ അതിൽ കൂടുതൽ സിനാപ്സുകളുമായി ബന്ധം ഉണ്ടായിരിക്കാം. വിവിധ കോമ്പിനേഷൻ സിനാപ്സുകളിൽ ഉണ്ടാകുന്ന വൈദ്യുതസിഗ്നലിന്റെ ബീജഗണിതത്തുക ന്യൂറോണൽപ്രതികരണത്തെ നിർണയിക്കുന്നു. ഇവയുടെ തുകയുടെ ഏറ്റക്കുറച്ചിലാണ് നാം അനുഭവിക്കുന്ന മാനുഷികമൂല്യങ്ങളായ മനസ്സും ബോധവും സർവവികാരവിചാരങ്ങളും. അതായത്, ഒരു കമ്പ്യൂട്ടറിന്റെ അതേ മെക്കാനിസമാണ് തലച്ചോറിലും സംഭവിക്കുന്നത്. എങ്കിൽ, കമ്പ്യൂട്ടർ വിവരങ്ങൾ കൈകാര്യം ചെയ്യുംപോലെ ബ്രെയിനെയും ഉപയോഗിക്കാൻ സാധിക്കുമോ?

നിലവിൽ മൊബൈൽ, കമ്പ്യൂട്ടർ സോഫ്റ്റുവെയർ റീ ഇൻസ്റ്റാൾ ചെയ്യുംപോലെയും, ഒരു സിസ്റ്റത്തിൽനിന്നു ഡാറ്റാ കോപ്പി ചെയ്തു മറ്റൊന്നിൽ ട്രാൻസ്ഫർ ചെയ്യുന്നപോലെയും, ഹാർഡ്ഡിസ്കിലോ മെമ്മറി കാർഡിലോ കോപ്പി ചെയ്തു സൂക്ഷിച്ചുവയ്ക്കുന്നപോലെയും മനുഷ്യബോധം (മനസ്സ്) ഡൗൺലോഡ് ചെയ്യുക അല്ലെങ്കിൽ മനുഷ്യബോധം അപ്‌ലോഡ് ചെയ്യുക എന്നതു സാധിക്കുമോ? ഒരു ദിവസം ആളുകൾക്ക് അവരുടെ തലച്ചോറിന്റെ ചിന്തയും വികാരവും വിചാരവും ഓർമയുമടക്കമെല്ലാം ഒരു ഡിജിറ്റൽ മീഡിയത്തിലേക്കോ മറ്റൊരു ശരീരത്തിലേക്കോ മാറ്റാൻ കഴിഞ്ഞേക്കാം. അവതാർപോലെയുള്ള ആധുനിക ചലച്ചിത്രങ്ങളിലും പഴയ മാന്ത്രികനോവലുകളിലും പുരാണേതിഹാസങ്ങളിലും ചിത്രീകരിച്ചിരിക്കുന്ന, ഒരു ശരീരത്തിൽനിന്നു മറ്റൊരു ശരീരത്തിലേക്കു കൂടുവിട്ടു കൂടുമാറുന്നതും മരിച്ചവർക്കു ജീവൻ കൊടുത്ത് ഉറക്കത്തിൽനിന്നുണർത്തുന്നതുമായ കഥകൾക്കു പിന്നിൽ ഇത്തരം ഒരു ചിന്തയാണ്.

ഈ മേഖലയിലെ നിലവിലെ ഗവേഷണം നിരവധി വഴികളിലൂടെ മനുഷ്യബോധം ഡൗൺലോഡ് ചെയ്യുന്ന ചിന്തകൾ വച്ചുപുലർത്തുന്നു. ഐബിഎമ്മിന്റെ ബ്ലൂ ബ്രെയിൻപോലുള്ള പ്രോജക്റ്റുകൾ കൃത്രിമ ന്യൂറൽ നെറ്റ്‌വർക്കുകൾ ഉപയോഗിച്ച് തലച്ചോറിനെ മാതൃകയാക്കാൻ പരിശ്രമിക്കുന്നു. ബ്രെയിൻ ഇമേജിങ്ങാണ് അതിനു മറ്റൊരു വഴി. മസ്തിഷ്കത്തിന്റെ വിശദമായ മാപ്പിങ് സൃഷ്ടിക്കാൻ നിലവിലെ ബ്രെയിൻ ഇമേജിങ് സ്കാനിങ് സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. ഡൗൺലോഡ് ചെയ്യപ്പെടുന്ന ബോധം സാങ്കേതികമായി യഥാർഥജീവിതത്തിൽ പുനരുപയോഗം കൈവരിക്കുന്നതിന് ഇന്നത്തെ ബ്രെയിൻ മാപ്പിങ്സാങ്കേതികവിദ്യ പര്യാപ്തമല്ല. അവയ്ക്കു നിലവിൽ ലഭ്യമാകുന്നവയെക്കാൾ വളരെ വലിയ തലത്തിലുള്ള വിശദാംശങ്ങൾ ആവശ്യമാണ്. അതിനായി ബോധം ഡൗൺലോഡ് ചെയ്യുന്നതിനുള്ള പ്രവർത്തനത്തിന് ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസുകൾ എന്നറിയപ്പെടുന്ന ഒരു സാങ്കല്പിക സാങ്കേതികവിദ്യ(ബി.സി.ഐ.) ആവശ്യമാണെന്നു വിശ്വസിക്കപ്പെടുന്നു. മസ്തിഷ്കസിഗ്നലുകൾ മനുഷ്യനിർമിത ഉപകരണവുമായി പരസ്പരം മനസ്സിലാക്കി യോജിച്ചു പ്രവർത്തിക്കാൻ സഹായിക്കുന്ന സാങ്കേതികതയാണ് ബി.സി.ഐ.

സൈബർസുരക്ഷയെ സംബന്ധിച്ച ആശങ്ക ബിസിനസുകൾക്കും വ്യക്തികൾക്കും എപ്പോഴും ഭീഷണിയാണെങ്കിൽ ന്യൂറൽ സാങ്കേതികവിദ്യയുടെ സുരക്ഷയിലുള്ള ആശങ്കയും ഭാവിസ്വകാര്യതയ്ക്കു ഭീഷണിയാവാം. വ്യക്തിസ്വാതന്ത്ര്യത്തിനു വലിയ ഭീഷണി ഉയർത്തിയേക്കാവുന്ന ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസുകളെ (ബി.സി.ഐ.) വിശദമായി വിലയിരുത്തേണ്ടതുണ്ട്. മനുഷ്യമസ്തിഷ്കംപോലെ പൂർണമായും നിയന്ത്രിക്കാൻ കഴിയാത്ത സംവിധാനങ്ങളിലെ സുരക്ഷ എങ്ങനെ ഉറപ്പു നൽകാം എന്നതിനെക്കുറിച്ചുള്ള നിരവധി ധാർമികവും നിയമപരവുമായ ചോദ്യങ്ങൾ ശാസ്ത്രത്തിന്റെ മുന്നിലുണ്ട്.

ഗവേഷണത്തിൽ അത്തരം പുരോഗതിയുണ്ടായിട്ടും ബോധം ഡൗൺലോഡ് ചെയ്യുന്ന പരീക്ഷണത്തെ തടയുന്ന നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നു.



ഒരാളുടെ മനസ്സുള്ള ഒന്നിലധികം പകർപ്പുകൾ ഇരട്ടകൾപോലെ ഒരേ സമയം ഉണ്ടാകുന്നതിന്റെ സാമൂഹികപ്രത്യാഘാതങ്ങൾ കീറാമുട്ടിയാണ്. മനുഷ്യമസ്തിഷ്കത്തിന്റെ അതേ സങ്കീർണതയുള്ള കൃത്രിമ നെറ്റ്‌വർക്കുകൾ നിർമിക്കാൻ കഴിയുന്ന ഒരു ഘട്ടത്തിലല്ല നമ്മുടെ സാങ്കേതികവിദ്യ. ബോധം ഡൗൺലോഡ് ചെയ്യുന്നത് ബഹുദൂരഭാവിയിലേക്കുള്ള സാങ്കേതികവിദ്യയായി തുടരുന്നുവെങ്കിലും, ഗവേഷണം പുരോഗമിക്കുമ്പോൾ, കൂടുതൽ കൂടുതൽ ശാസ്ത്രജ്ഞർ ആശയം ഒരു ദിവസം യാഥാർഥ്യമാക്കാനുള്ള സാധ്യത വിദൂരമല്ല.

സാങ്കേതികവിദ്യയുടെ കഴിവിനാൽ ധാരണാശക്തി, ബുദ്ധിശക്തി, ചിന്താശക്തി, ശാരീരികശക്തി എന്നിവ അപ്ഗ്രേഡുചെയ്യുന്നതിനും മനസ്സിനെയും (ബ്രെയിൻ) കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണങ്ങളെയും അങ്ങോട്ടും ഇങ്ങോട്ടും നിയന്ത്രിക്കാവുന്ന തരത്തിൽ ലയിപ്പിക്കുന്നതിനുമാണ് ട്രാൻസ്ഹ്യൂമനിസം എന്നു പറയുന്നത്. ഇതിന്റെ നിലവിലുള്ള ഉദാഹരണമാണ് ന്യൂറലിങ്ക്. മനുഷ്യന്റെ ചിന്തകൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന യന്ത്രങ്ങൾ. എലോൺ മസ്ക് അത്തരം മനുഷ്യറോബോട്ട് ഉടൻ സാധ്യമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യന്റെ ഏതൊരു തരം ബ്രെയിൻ എബിലിറ്റിയും ഒരു വിരൽത്തുമ്പിൽ ഇരിക്കുന്ന കടുകുമണിയെക്കാൾ ചെറിയ ഇന്റഗ്രേറ്റഡ് ചിപ്പ് ബ്രെയിനുമായി ഉള്ളിലോ പുറത്തോ യോജിപ്പിക്കുന്നതിലൂടെ സാധിച്ചേക്കാം. ഇത്തരം ചിപ്പിനാൽ നിർമിച്ച ഉപകരണങ്ങൾ ഉപയോഗിച്ച് അവയിലെ സെൻസറിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സിഗ്നലുകളിലൂടെ ഇലക്ട്രോണിക് ഉപകരണങ്ങളും ബ്രെയിനുമായി ലയിച്ചു പ്രവർത്തിക്കാൻ കഴിയും. മറ്റൊരാളുടെ വിരൽത്തുമ്പിൽ ചലിക്കുന്ന പാവകളെപ്പോലെ മനുഷ്യൻ മാറിയേക്കാം. ഒരുപക്ഷേ, മനുഷ്യബുദ്ധി കടംകൊള്ളുന്ന ഹ്യൂമനോയ്ഡ് മനുഷ്യനെത്തന്നെ ഭാവിയിൽ നിയന്ത്രിച്ചേക്കാം.

*ശേഷം 14-ാം പേജിൽ*

# ലഹരിപടർത്തും കൂട്ടുകെട്ടുകൾ



അഡ്വ. ചാർളി പോൾ

**സി**നിമയിൽ ഒരു വലിയ നടന്റെ മകന്റെ വേഷത്തിൽ അഭിനയിക്കാൻ മകന് അവസരം ലഭിച്ചിട്ടും സിനിമാമേഖലയിലെ ലഹരിയുപയോഗത്തെക്കുറിച്ചുള്ള ഭയംമൂലം മകനെ സിനിമയിലേക്കു വിട്ടില്ല എന്ന നടൻ ടിനി ടോമിന്റെ പ്രതികരണത്തെ തള്ളി നടൻ ധ്യാൻ ശ്രീനിവാസൻ പറഞ്ഞു: "ഒരുത്തൻ നശിക്കണമെന്നു തീരുമാനിച്ചാൽ നശിക്കും. ലഹരി ഉപയോഗിക്കേണ്ട, അതൊരു മോശം കാര്യമാണെന്ന് അവനു ബോധ്യമുണ്ടെങ്കിൽ അവൻ ഉപയോഗിക്കില്ലല്ലോ. അല്ലാതെ ഈ പറഞ്ഞ സാധനങ്ങളൊന്നും ആരും വായ്ക്കകത്തു കുത്തിക്കേറ്റിത്തരില്ല. ബോധമുള്ള ഒരുത്തനാണെങ്കിൽ അവൻ ഉപയോഗിക്കില്ല." കേൾക്കുമ്പോൾ ധ്യാൻ പറഞ്ഞതു ശരിയല്ലേ എന്നു തോന്നും, പക്ഷേ, ലഹരിയുടെ കാര്യത്തിൽ ഈ ധാരണ ശരിയായിക്കൊള്ളണമെന്നില്ല.

കഴിഞ്ഞവർഷം എക്സൈസ് വകുപ്പ് ഒരു സർവേ നടത്തി. മയക്കുമരുന്നുമായി പിടിയിലായ 800 കുട്ടികൾക്കിടയിലായിരുന്നു സർവേ. കൂട്ടുകാരുടെ സമ്മർദംകൊണ്ടാണ് ലഹരി ഉപയോഗിച്ചുതുടങ്ങിയതെന്നായിരുന്നു സർവേയിൽ പങ്കെടുത്ത കൂടുതൽപേരുടെയും വെളിപ്പെടുത്തൽ. ഉപയോഗിച്ചുനോക്കാനുള്ള ആകാംക്ഷകൊണ്ടും വീടുകളിലെ പ്രശ്നങ്ങൾകൊണ്ടുംമാത്രം ലഹരിക്കടിമകളാകുന്നവർ ഇതിലും കുറവാണ്. ലഹരിയുപയോഗിക്കുന്ന നെഗറ്റീവ് ഹീറോകളോട് കുട്ടികൾക്ക് ആരാധന തോന്നാം. പിയർ ഗ്രൂപ്പിന്റെ പ്രേരണയാൽ ലഹരിക്കടിമകളാകുന്നവരാണ് 70 ശതമാനവും. തെറ്റു ചെയ്യുന്നയാളിന് മറ്റൊരാളെ കൂട്ടിനുകിട്ടിയാൽ വലിയ സന്തോഷവും സമാധാനവുമാണ്. ആണായാൽ അല്പം ലഹരിയാവാം, ഒരിക്കൽ ഉപയോഗിച്ചുനോക്കി എന്നുവച്ച് എന്തു വരാനാ? നിന്നെയൊക്കെ എന്തിനുകൊള്ളാം, മീശ മുളയ്ക്കാത്ത പയ്യൻ, നിനക്ക് അച്ഛനെ പേടിയാണോ, നീ പെൺപിള്ളേരേക്കാൾ കഷ്ടമാണല്ലോ, ഓ ഒരു പുണ്യാളൻ വന്നിരിക്കുന്നു, ഒരിക്കൽ മരിക്കണം എന്നാൽ, പിന്നെ സുഖിച്ചു മരിച്ചൂടേ തുടങ്ങിയ പ്രലോഭനങ്ങൾ ആപത്തിൽ ചാടിക്കും.

കുട്ടിക്കാലത്തിൽനിന്നു യൗവനത്തിലേക്കുള്ള മാറ്റത്തിന്റെ കാലഘട്ടമാണ് കൗമാരം. പരിവർത്തനത്തിന്റെ ആ കാലഘട്ടത്തിൽ ശാരീരികവും മാനസികവും വൈകാരികവുമായ മാറ്റങ്ങൾ കാരണം കൗമാരക്കാർ പലതരം പ്രലോഭനങ്ങൾക്കു വിധേയരാകുന്നു. റിസ്ക് എടുക്കുന്ന സ്വഭാവം, നിയന്ത്രണമില്ലാതെ എടുത്തുചാടിയുള്ള പെരുമാറ്റം, ചെയ്യരുത് എന്നു നിർദേശിക്കുന്ന കാര്യങ്ങളിലേക്കുള്ള ആകർഷണം, എന്തും പരീക്ഷിച്ചറിയാനുള്ള ആഗ്രഹം എന്നിവ ഈ കാലഘട്ടത്തിന്റെ സവിശേഷതകളാണ്. കൗമാരക്കാർക്ക് ആനന്ദം തേടാനുള്ള പ്രേരണ അമിതവും പരിണതഫലങ്ങളെക്കുറിച്ചു ചിന്തിക്കാനുള്ള കഴിവ് കുറവുമാണ്. പുകവലി, മദ്യം, ലഹരിപദാർഥം എന്നിവയോടു ചെറുത്തുനിൽക്കുന്ന കാര്യത്തിൽ അവർ പ്രത്യേകിച്ചും ദുർബലരാണ്. കൗമാരപ്രായം ആന്തരിക റിവാർഡ് സിസ്റ്റങ്ങൾ വികസിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമായതിനാൽ ലഹരിപദാർഥങ്ങൾ തലച്ചോറിനെ വല്ലാതെ ദോഷകരമായി ബാധിക്കും. ലഹരിയുപയോഗിച്ചതിനുശേഷം സാധാരണനിലയിലേക്കു മടങ്ങാനുള്ള കഴിവുണ്ടായിരിക്കില്ല. ഇത് മുതിർന്നവരെക്കാൾ കൗമാരക്കാരെ അഡിക്ഷനിലേക്കു നയിക്കും.

മനുഷ്യമസ്തിഷ്കം ന്യൂറോണുകൾ എന്നറിയപ്പെടുന്ന കോശങ്ങളാൽ നിർമിതമാണ്. ഒരു വ്യക്തിയുടെ മസ്തിഷ്കത്തിലേക്കു വരുന്ന സന്ദേശങ്ങൾക്ക് ഒരുതരം ആവരണമായി പ്രവർത്തിക്കുന്ന 'മൈലിൻ' എന്ന പദാർഥമാണ് ഈ സെല്ലുകളെ പരിരക്ഷിക്കുന്നത്. പ്രായപൂർത്തിയാകുന്നതനുസരിച്ചാണ് മസ്തിഷ്കസന്ദേശങ്ങൾ കൂടുതൽ ആവരണം ചെയ്യപ്പെടുന്നത്. കൗമാരക്കാരിൽ മൈലിന്റെ സംരക്ഷണസവിശേഷതകൾ പൂർണമായി വികാസം പ്രാപിച്ചിട്ടുണ്ടാവില്ല. അതിനാൽ കൗമാരക്കാർക്ക് ആനന്ദം അനുഭവപ്പെടുമ്പോൾ മുതിർന്നവരുടെ തലച്ചോറിനെക്കാൾ അവരുടെ തലച്ചോറിൽ സന്ദേശസംവേദനം കൂടുതൽ തീവ്രമായിരിക്കും. വികാരങ്ങൾ വളരെ തീവ്രമായി അനുഭവപ്പെടുന്നു. തലച്ചോറിന്റെ റിവാർഡ് സിസ്റ്റങ്ങൾ കൂടുതൽ ശക്തമായി പ്രവർത്തിക്കും. ഒരിക്കൽ ലഹരിപദാർഥം ഉപയോഗിച്ചാൽ വീണ്ടും ദുരുപയോഗിക്കാനുള്ള പ്രേരണ കൂടുതലായി അനുഭവപ്പെടും. മാത്രവുമല്ല, തലച്ചോറിലെ പ്രീഫോണ്ടൽ കോർട്ടക്സ് കൗമാരകാലഘട്ടത്തിൽ പൂർണവളർച്ചയിൽ എത്താത്തതിനാൽ തീരുമാനങ്ങൾ എടുക്കാനുള്ള വിവേചനശക്തി, വികാരങ്ങളെ നിയന്ത്രിക്കൽ, പ്ലാനിങ്, യുക്തിഭദ്രത, പ്രശ്നപരിഹാരം എന്നിവ കൈകാര്യചെയ്യാനുള്ള കഴിവ് കുറവായിരിക്കും. ചുരുക്കത്തിൽ, തലച്ചോറിന്റെ വളർച്ച പൂർത്തിയാകാത്ത കൗമാരകാലഘട്ടത്തിൽ ലഹരിയുടെ വഴിയിലേക്കു പോകാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നതാണ് അഭികാമ്യം.

സ്വഭാവവൈകല്യങ്ങളൊന്നുമില്ലാത്ത കുട്ടികൾ ചില കൂട്ടുകെട്ടുകളിൽ പെടുമ്പോൾ കൂട്ടുകാരുടെ കളിയാക്കലിൽനിന്നു രക്ഷനേടാനും അവരുടെ മുന്നിൽ അംഗീകരിക്കപ്പെടാനുംവേണ്ടി മദ്യവും ലഹരിപദാർഥങ്ങളും പുകവലിയുംപോലുള്ള സംഗതികളിൽ ഏർപ്പെടുകയും പിന്നീട് അതിന് അടിമയാകുകയും ചെയ്ത സംഭവങ്ങൾ നിരവധിയാണ്. ഒരു വ്യക്തിയുടെ സാമൂഹികവലയത്തിലുള്ള ലഹരിയുപയോഗവും ലഭ്യതയും അഡിക്ഷനിലാകാനുള്ള സാധ്യതകളെ സ്വാധീനിക്കും. സംവിധായകനും തിരക്കഥാകൃത്തും നടനും ഒന്നിച്ചു ലഹരി ഉപയോഗിക്കുന്നു എന്നു പറയപ്പെടുന്ന സിനിമാലോകത്ത് മക്കളെ പറഞ്ഞുവിടുമ്പോൾ ഏതൊരു അച്ഛനും അമ്മയ്ക്കും ഉണ്ടാകുന്ന ആശങ്കയാണ് ടിനി ടോം പങ്കുവച്ചത്.

സുഹൃത്തുക്കളുടെ പ്രലോഭനം മാത്രമല്ല, കൗതുകം, അനുകരണവാസന, അവഗണന, അംഗീകാരമോഹം, മാധ്യമസ്വാധീനം, ജനിതകഘടന, ജീവിതസാഹചര്യങ്ങൾ, വൈയക്തികപ്രകൃതം തുടങ്ങി നിരവധി ഘടകങ്ങൾ ലഹരിയിലേക്കു നീങ്ങാൻ ഒരുവനെ പ്രേരിപ്പിക്കുന്നുണ്ട്. ബുദ്ധിപരമായി പിന്നാക്കം നിൽക്കുന്നവർ, പഠനവൈകല്യമുള്ളവർ, മാനസികരോഗമുള്ളവർ, കുടുംബത്തിൽ മദ്യപാനരോഗമുള്ളവർ, വ്യക്തിത്വവൈകല്യമുള്ളവർ, കുട്ടിക്കാല കൗമാരപ്രശ്നമുള്ളവർ, തകർന്ന കുടുംബങ്ങളിൽനിന്നു വരുന്നവർ, താളപ്പിഴയുള്ള മാതാപിതാക്കളുടെ മക്കൾ, ബാല്യത്തിൽ സ്നേഹം അനുഭവിച്ചു വളരാത്തവർ എന്നിങ്ങനെയുള്ള പശ്ചാത്തലത്തിലുള്ളവർ ലഹരിയുടെ വഴി തിരഞ്ഞെടുക്കാൻ ഇടയുണ്ട്. ധ്യാൻ പറഞ്ഞതുപോലെ ഇച്ഛാശക്തികൊണ്ടുമാത്രം ലഹരിയെ അതിജീവിക്കാൻ സാധിച്ചു എന്നുവരില്ല. എങ്കിലും ധ്യാൻ പറഞ്ഞതിലും കാര്യമില്ലാതില്ല. ലഹരിക്കെതിരായ അവബോധം ചെറുപ്പത്തിലേ കുട്ടികളിൽ രൂപപ്പെടുത്തിയാൽ ഒരു പരിധിവരെ പിടിച്ചുനിൽക്കാൻ അവർക്കു കഴിയും.

■



## മണവറഗീതം

പ്രഫ. തോമസ് കണയംപ്ലാവൻ



മണവറയെത്ര മനോജ്ഞം, ജീവിത-
മണിയറയാണതു പരമവിശുദ്ധം!
അവികലജീവിതശുദ്ധിയിൽ വാണവ-
രിവിടെയൊരേമനമേകശരീരം!
വേദനയവധിയെടുത്തു മറഞ്ഞു;
ചേതന നൂതനനിർവൃതി പുതകി!
മധുവിധുസ്വപ്നവിഭൂതികൾ പൂക്കും
മധുരവസന്തം, പ്രണയസുഗന്ധം!
പരമപവിത്രം ദമ്പതിമാരുടെ
സഹശയനത്തിൻ ശയ്യ,യതോർക്കാം
അതിനെ മലീമസമാക്കുന്നവരിൽ
പതിയും നിർണയമീശ്വരകോപം.

II

അനുപൂരകമായ് സ്ത്രീയും പുരുഷനു-
മൊരുമയിലൊന്നായ്ത്തീരും മട്ടിൽ
മനുജശരീരം തീർത്തൊരു ദൈവം
പരമാരാധ്യൻ, സ്നേഹസ്വരൂപൻ!
സ്ത്രീയെ പുരുഷൻ സ്പർശിക്കാത്തൊരു
ലോകമപൂർണം വിരസം, വിഫലം!
പെരിയൊരു തിന്മ സ്വവർഗവിവാഹം
പ്രകൃതിവിരുദ്ധം, ദൈവനിഷിദ്ധം!
സകലമതങ്ങളുമൊരുപോലെതിരായ്
ശബ്ദമുയർത്തുമധർമം ഘോരം
ഒരുനാളഗ്നിജ്വാലയിൽ സോദോം
നഗരം വെന്തതുമോർക്കുക നമ്മൾ
നരകത്തിൻ കെണി,യതിൽ വീഴാതെ
യുവലോകത്തെ രക്ഷിക്കുക നാം.
അണമുറിയാത്തൊരു സ്നേഹമഹസ്സായ്
മണവറയെന്നും നിലനിൽക്കട്ടെ!

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നന്മയും നീതിയും അനുഷ്ഠിക്കുന്നതാണ്, കർത്താവിനു ബലിയെക്കാൾ ശ്രേഷ്ഠം.

സുഭാഷിതം 21:3

**എഡിറ്റോറിയൽ**

# ഈ നീതിനിഷേധം അധികാരത്തിന്റെ ധാർഷ്ട്യം

**ലോ**കവേദികളിൽ ശിരസ്സുയർത്തി രാജ്യത്തിന്റെ അഭിമാനം കാത്ത ഗുസ്തിതാരങ്ങൾ ഗംഗാതീരത്ത് കണ്ണീരൊഴുക്കി. രാജ്യം അപമാനഭാരത്താൽ തലകുനിച്ചു നിൽക്കുന്നു. കേന്ദ്രസർക്കാരിന്റെ ഒമ്പതാം വാർഷികാഘോഷങ്ങൾക്കായി നിരത്തിലുയർത്തിയ കൊടിക്കൂറകൾക്കു നിറംകെട്ടു.

രാജ്യത്തിന്റെ അഭിമാനകായികതാരങ്ങൾ വിയർപ്പൊഴുക്കി നേടിയ മെഡലുകൾ ഗംഗാനദിയിൽ വലിച്ചെറിയണമെന്നുവരെ ചിന്തിച്ചുപോയെങ്കിൽ, അവരുടെ സങ്കടക്കടലിന്റെ ആഴം എത്ര വലുതാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഈ കടുംകൈ ചെയ്തില്ലെങ്കിൽത്തന്നെയും അവരെ അതിലേക്കു വലിച്ചിഴച്ച വികാരം രാജ്യം കാണാതെ പോകരുത്. കഠിനാധ്വാനത്തിലൂടെ നേടിയ ജീവനും ആത്മാവുമായ മെഡലുകൾ ഗംഗയിൽ സമർപ്പിക്കുന്നുവെന്ന ഗുസ്തിതാരം സാക്ഷി മാലിക്കിന്റെ തുറന്ന കത്ത് പ്രതീകാത്മകമാണെങ്കിലും പ്രതിഷേധത്തിനു വഴിമരുന്നിടുന്നതാണ്. "ഈ രാജ്യത്തിനായി കഠിനാധ്വാനത്തിലൂടെ ഞങ്ങൾ നേടിയ പവിത്രമായ മെഡലുകൾ സൂക്ഷിക്കാനുള്ള ശരിയായ സ്ഥലം വിശുദ്ധ ഗംഗാമാതാവാണ്. ആ മാതാവിനു ഞങ്ങളുടെ പവിത്രമായ അധ്വാനം സമർപ്പിച്ചിരിക്കുന്നു." പ്രത്യക്ഷേന ശുഭകരമായി തോന്നാമെങ്കിലും, തങ്ങൾ രാജ്യത്തിനായി നടത്തിയ പോരാട്ടത്തിനും സേവനത്തിനും അർഥവും അഴകും നഷ്ടപ്പെട്ടിരിക്കുന്നുവെന്നും ആയതിനാൽ ഇനി ഈ മെഡലുകൾ മൃതശരീരത്തിനു തുല്യമാണെന്നുമുള്ള ഗുസ്തിതാരങ്ങളുടെ ഹൃദയഭേദകമായ ചിന്ത പ്രതിഷേധത്തിന്റെ കൊടുങ്കാറ്റാണ് അഴിച്ചുവിട്ടിരിക്കുന്നത്. ഹരിദ്വാറിൽ ഗംഗാതീരത്തു തടിച്ചുകൂടിയ കർഷകരടക്കമുള്ള ജനസഞ്ചയം വിളിച്ചറിയിച്ചത് ദുഃഖാർത്തരായിരിക്കുന്ന ഗുസ്തിതാരങ്ങൾ ഒറ്റയ്ക്കല്ല, അവർക്കൊപ്പം ഈ രാജ്യം മുഴുവനും ഒറ്റക്കുടുംബമായി കൂടെയുണ്ടെന്നുള്ളതാണ്.

കോമൺവെൽത്ത് ഗെയിംസ് സ്വർണമെഡൽ ജേതാവ് വിനേഷ് ഫൊഗട്ട്, കോമൺവെൽത്ത് ഗെയിംസിൽ വെള്ളിയും ഒളിമ്പിക്സിൽ വെങ്കലവും നേടിയ സാക്ഷി മാലിക്, ഒളിമ്പിക്സിലും ലോകഗുസ്തി ചാമ്പ്യൻഷിപ്പിലും മെഡൽ നേടിയ ബജരംഗ് പുനിയ എന്നിവരാണ് കഴിഞ്ഞ ജനുവരി മുതൽ പ്രതിഷേധസമരത്തിന്റെ മുൻനിരയിലുള്ളത്. ഗുസ്തി ഫെഡറേഷന്റെ അധ്യക്ഷപദവിയിലിരുന്ന് വനിതാതാരങ്ങളെ ലൈംഗികമായി ഉപദ്രവിച്ച ബിജെപി എം.പി. കൂടിയായ ബ്രിജ്ഭൂഷൻ ശരൺസിങ്ങിനെ അറസ്റ്റുചെയ്യണമെന്ന അവരുടെ ആവശ്യം മാസങ്ങൾ പിന്നിട്ടിട്ടും ബധിരകർണങ്ങളിൽ പതിയുന്നതാണ് സമരം പുതിയ ഘട്ടത്തിലേക്കു തിരിയാനും ഗംഗാതടം സമരഗോദയാകാനും കാരണം.

മകളെ രക്ഷിക്കൂ മകളെ പഠിപ്പിക്കൂ (ബേട്ടി ബചാവോ, ബേട്ടി പഠാവോ) എന്ന മുദ്രാവാക്യം മുഴക്കി മന്ത്രാലയങ്ങൾക്കരികേ അഞ്ചു മാസമായി നീതിക്കുവേണ്ടി നിലവിളിച്ചിട്ട് സർക്കാർ ഒരു ചെറുവിരൽപോലും അനക്കിയില്ലെന്നുള്ളത് ഞെട്ടിപ്പിക്കുന്നതും ലജ്ജിപ്പിക്കുന്നതുമാണ്. രാഷ്ട്രപതിയും പ്രധാനമന്ത്രിയുമടക്കമുള്ള രാജ്യത്തെ പരമോന്നതാധികാരികളാരും പെൺമക്കളെപ്പോലെ തങ്ങളെ കരുതിയില്ലെന്നതാണ് അവരുടെ സങ്കടം. ഇക്കാര്യം സാക്ഷി മാലിക്കിന്റെ തുറന്ന കത്തിൽ കുറിക്കുന്നതിപ്രകാരമാണ്: "നീതിക്കായി രാഷ്ട്രപതിയോടു സഹായം ആവശ്യപ്പെടാൻ ഞങ്ങൾക്കു തോന്നിയില്ല. കാരണം, ജന്തർമന്തറിന് രണ്ടു കിലോമീറ്റർ മാത്രം അകലെയായിരുന്നിട്ടും ഞങ്ങൾക്കു നീതി നൽകുന്നതിനെക്കുറിച്ച് രാഷ്ട്രപതി പ്രതികരിച്ചില്ല. വീട്ടിലെ പെൺമക്കൾ എന്നു വിളിച്ചിരുന്ന പ്രധാനമന്ത്രിയോടു സഹായം ആവശ്യപ്പെട്ടിട്ടും ലഭിച്ചില്ല. കാരണം, ഒരിക്കൽപ്പോലും അദ്ദേഹം തന്റെ വീട്ടിലെ പെൺമക്കളെപ്പോലെ ഞങ്ങളെ പരിപാലിച്ചിട്ടില്ല. പകരം 'പെൺമക്കളെ' പീഡിപ്പിച്ചയാളെ പുതിയ പാർലമെന്റ് ഉദ്ഘാടനച്ചടങ്ങിനു ക്ഷണിച്ചു. ആഘോഷങ്ങളിൽ പീഡകനും വെള്ളവസ്ത്രങ്ങൾ ധരിച്ച് ഫോട്ടോയ്ക്കു പോസു ചെയ്തു!"

മേയ് 28 ന്, പ്രധാനമന്ത്രി പുതിയ പാർലമെന്റുമന്ദിരം ഉദ്ഘാടനം ചെയ്ത അതേ സമയത്ത് രണ്ടു കിലോമീറ്റർമാത്രം അകലെയായി രാജ്യത്തിന്റെ അഭിമാനതാരങ്ങൾ ഡൽഹിത്തെരുവിലൂടെ പൊരിവെയിലിൽ വലിച്ചിഴയ്ക്കപ്പെട്ടു പോലീസ് കസ്റ്റഡിയിലാകുന്നത് രാജ്യം നൊമ്പരത്തോടെ നോക്കിക്കണ്ടു. പണാധിപത്യത്തിന്റെയും ആണധികാരത്തിന്റെയും അശ്ലീലം നിറഞ്ഞ ഇടപെടലുകളിൽ ആർഷഭാരതത്തിന്റെ ധാർമികവീര്യം ചോർന്നുപോയെങ്കിൽ, അതിനുത്തരവാദി ഭരണകൂടംമാത്രമാണ്. പോക്സോ ഉൾപ്പെടെയുള്ള നിയമങ്ങൾ നിലവിലുള്ള രാജ്യത്ത്, ഇരകളായ പെൺകുട്ടികൾ തെളിവുസഹിതം ചൂണ്ടിക്കാട്ടിയിട്ടും കോടതി പറഞ്ഞിട്ടും കേസെടുത്തിട്ടും ലൈംഗികചൂഷകർക്ക് സംരക്ഷണം ഉറപ്പാക്കുന്ന ഭരണസംവിധാനത്തിന്റെ അരാജകത്വവും അഴിഞ്ഞാട്ടവും അക്ഷരാർഥത്തിൽ രാജ്യത്തെ അരക്ഷിതാവസ്ഥയിലാക്കുന്നു. കുറ്റവാളികൾക്കു സുഖതാവളം തീർക്കുന്ന പതിവുരാഷ്ട്രീയനയങ്ങളും നിസ്സംഗനിലപാടുകളും വെടിയാൻ അധികാരിവർഗം തയ്യാറാവുകയും ഉടനടി പരിഹാരമുണ്ടാക്കുകയും ചെയ്തില്ലെങ്കിൽ, കർഷകസമരത്തിന്റെ വീര്യം ചോരാത്ത മണ്ണിലുയർന്ന സമരകാഹളത്തിന്റെ രണ്ടാംവരവിനു രാജ്യം സാക്ഷിയാകേണ്ടി വരുമെന്നുറപ്പ്. ■

# നൂറു മേനിയുടെ തിളക്കവുമായി പാലാ കോർപറേറ്റ്

പാലാ: എസ്എസ്എൽസി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടി പാലാ രൂപതയിലെ സ്കൂളുകൾ ശ്രദ്ധേയമായി. രൂപതയിലെ വിദ്യാഭ്യാസവിഭാഗമായ പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് ഈ അഭിമാന നേട്ടം. 41 ഹൈസ്കൂളുകളും 17 ഹയർ സെക്കൻഡറി സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുമാണ് രൂപതയ്ക്കുള്ളത്. കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഏജൻസിയാണ് പാലാ കോർപറേറ്റ്.

രൂപതയിലെ മുഴുവൻ സ്കൂളുകൾക്കും എസ്എസ്എൽസി പരീക്ഷയിൽ നൂറു ശതമാനം വിജയം കൈവരിക്കുന്നതിനു നേതൃത്വം നൽകിയ കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറത്തിനെ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പൊന്നാടയണിയിച്ച് ആദരിച്ചു. പ്ലസ്ടു പരീക്ഷയിൽ മുഴുവൻ മാർക്ക് നേടിയ ആർഷ മരിയ സാവിയോ, കാവ്യ ഹരീന്ദ്രൻ എന്നീ വിദ്യാർഥികളെ മെമെന്റോ നൽകി അനുമോദിച്ചു. എസ്എസ്എൽ സി, പ്ലസ് ടു പരീക്ഷയിൽ മുഴുവൻ മാർക്ക് നേടിയ വിദ്യാർഥികൾക്കും നൂറു ശതമാനം വിജയം നേടിയ സ്കൂളുകൾക്കുമുള്ള ഉപഹാരം മാർ ജോസഫ് കല്ലറങ്ങാട്ട് നൽകി. ടീച്ചേഴ്സ് ഗിൽഡാണ് പരിപാടിക്കു നേതൃത്വം നൽകിയത്.

എസ്എസ്എൽസി പരീക്ഷയിൽ 793 കുട്ടികളും പ്ലസ് ടു പരീക്ഷയിൽ 425 കുട്ടികളുമാണ് ഫുൾ എ പ്ലസ് നേടിയത്.

രൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, അസി. സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, അക്കാദമിക് കൗൺസിൽ ഡയറക്ടർ ഫാ. ജോൺ കണ്ണന്താനം, ടീച്ചേഴ്സ് ഗിൽഡ് ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, പ്രസിഡന്റ് ആമോദ് മാത്യു എന്നിവർ പ്രസംഗിച്ചു.



*എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർഥികളെ അനുമോദിക്കുന്നതിനായി പാലാ രൂപത ടീച്ചേഴ്സ് ഗിൽഡ്, അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച ചടങ്ങ് രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. കോർപറേറ്റ് അസി. സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, രൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപ്പറമ്പിൽ, കാവ്യ ഹരീന്ദ്രൻ, കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, ആർഷ മരിയ ജോൺ, ഫാ. ജോൺ കണ്ണന്താനം, ഫാ. ജോർജ് വരകുകാലാപറമ്പിൽ, ജോജോ മണ്ണൂർ, ആമോദ് മാത്യു, ജോബെറ്റ് തോമസ് എന്നിവർ സമീപം.*



*പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ആരംഭിച്ച അഗ്രിമ സെൻട്രൽ നഴ്സറിയുടെയും ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.*

# അധ്വാനിക്കുന്ന കർഷകരാണ് നാടിനെ നിലനിറുത്തുന്നത് : മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: ആവശ്യമായതെല്ലാം ഉത്പാദിപ്പിക്കുന്ന അധ്വാനശീലരായ കർഷകരാണ് നാടിന്റെ നിലനില്പിന് അടിസ്ഥാനമെന്ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. സംസ്ഥാന കൃഷിവകുപ്പിന്റെ സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിക്കനുവദിച്ച പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ആരംഭിച്ച അഗ്രിമ സെൻട്രൽ നഴ്സറിയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബിഷപ്.

മണ്ണിൽനിന്നു മാറിനിൽക്കുന്ന പ്രവണത യുവതലമുറയിൽ വർധിച്ചുവരുന്നുവെന്നും ഇതിൽനിന്നു വ്യത്യസ്തമായി ശാസ്ത്രീയകൃഷിമുറകളും സാങ്കേതികവിദ്യകളും കാർഷികരംഗത്ത് ഉറപ്പുവരുത്തണമെന്നും ബിഷപ് പറഞ്ഞു. മനുഷ്യജീവനിലും വലിയ വില വന്യമൃഗങ്ങൾക്കു കല്പിക്കുന്ന നിയമഭരണസംവിധാനങ്ങൾ തിരുത്തപ്പെടേണ്ടതാണന്നും ബിഷപ് തുടർന്നുപറഞ്ഞു.

രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. അഗ്രിമ സെൻട്രൽ നഴ്സറിയുടെ വിപണനോദ്ഘാടനം മാണി സി കാപ്പൻ എംഎൽഎ നിർവഹിച്ചു. രൂപതാസിഞ്ചെല്ലൂസുമാരായ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, രൂപത പ്രൊക്യുറേറ്റർ ഫാ. ജോസ് മുത്തനാട്ട്, മുനിസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ, സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ ഷാജു വി. തുരുത്തൻ, കൗൺസിലർ ഷീബാ ജിയോ, പി.എസ്.ഡബ്ല്യു.എസ്. ഭാരവാഹികളായ ഫാ. തോമസ് കിഴക്കേൽ, സിബി കണിയാംപടി, ഡാന്റീസ് കൂനാനിക്കൽ എന്നിവർ പ്രസംഗിച്ചു.

# IHM (MARYGIRI) AYURVEDA
## BHARANANGANAM



ആയുർവേദമരുന്നുകളും
പഞ്ചകർമചികിത്സയും

OP & IP സൗകര്യം

Speciality Clinic on Saturday



- Cosmetology Clinic
  (സൗന്ദര്യസംരക്ഷണം ആയുർവേദത്തിലൂടെ)
  (A special care for your skin & hair)
- Post Covid syndrome
  (കൊവിഡ് അനുബന്ധ പ്രശ്നങ്ങൾ)







Treatment for

- Neurological disorders (വാതരോഗം)
- Degenerative diseases
  (സന്ധി, അസ്ഥി ആശ്രിതരോഗങ്ങൾ, തേയ്മാനം)
- Gynaecological diseases (സ്ത്രീരോഗങ്ങൾ)
- Paediatric diseases
  (കുട്ടികളിൽ ഉണ്ടാകുന്ന അലർജി, അഡിനോയ്ഡ് etc)
- Life style diseases (ജീവിതശൈലീരോഗങ്ങൾ)

പ്രസവാനന്തരചികിത്സകൾ ഡോക്ടറുടെ മേൽനോട്ടത്തിൽ

Consulting time 10 am - 3pm, wednesday 10 am - 1.00 pm
Sunday holiday, For Appointments 8078702325

# PALA STEEL & CEMENTS
## Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

34 വർഷത്തെ സേവനപാരമ്പര്യം
# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; Govt. V.H.S.S. നു സമീപം
അരുണാപുരം പി.ഒ., പാലാ പൊൻകുന്നം
Ph: 9495195739, 9495021259

**HINDI TTC**
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes



60 Years Trust
KTS PRODUCTS SINCE 1995

**Tastit™**
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...
Branded Curtain, Blinds & Photo Frame

നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം
# ജോൺസൺ
# ഫർണീഷിംഗ്
ആലനോലി ബിൽഡിംഗ്സ്, രാമപുരം
Mob: 9447803477 Prop: സോബി ആലനോലിക്കൽ

കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു

Deepanalam Weekly
RNI No : 16998/68
Vol. 56 No. 14 Date of Publication 1 June 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

51 വർഷത്തെ ചികിത്സാപാരമ്പര്യം

# ശ്രീകൃഷ്ണ ആയുർവ്വേദകേന്ദ്രം

പാലാ – തൊടുപുഴ റോഡ്, **ഐങ്കൊമ്പ് – 686 653**
ഫോൺ: 04822 – 246446, 9349507287

**മദ്ധ്യകേരളത്തിലെ പ്രമുഖ ആയുർവ്വേദ ആശുപത്രി**

ചങ്ങനാശ്ശേരി ഒ.പി.
വള്ളിക്കാവ് ജംഗ്ഷൻ, പെരുന്ന, ഫോൺ: 04812–402716

**എല്ലാവിധ രോഗങ്ങൾക്കും ഒ.പി. & ഐ.പി. വിഭാഗങ്ങൾ**




## ചികിത്സാവിഭാഗങ്ങൾ

- കായരോഗവിഭാഗം (General Medicine)
- പഞ്ചകർമ്മചികിത്സ
- ആയുർവ്വേദിക് ഡയബറ്റിക് ക്ലിനിക്
- തിരുമ്മുചികിത്സ
- യോഗ–പ്രകൃതിചികിത്സ
- സന്ധിവാതചികിത്സ
- അമിതവണ്ണത്തിനുള്ള ചികിത്സ
- വന്ധ്യതാചികിത്സ
- ബാലചികിത്സ (Paediatrics)

**ചീഫ് ഫിസിഷ്യൻ**
ഡോ. എൻ.കെ. മഹാദേവൻ D.A.M.
**അസിസ്റ്റന്റ് ഫിസിഷ്യൻസ്**
ഡോ. കെ.എം. കൃഷ്ണപ്രിയ B.H.M.S.
ഡോ. കെ.എം. കൃഷ്ണപ്രീത B.A.M.S, P.G.D.Y.
ഡോ. ശ്രീദേവി B.A.M.S.

**അസ്ഥിതേയ്മാനത്തിന് (OSTEOPOROSIS)**

**പ്രത്യേകചികിത്സ ആരംഭിച്ചിരിക്കുന്നു**

കാൽമുട്ടുവേദന, വീക്കം, നടുവേദന, ഡിസ്ക് തള്ളൽ, പിടലിവേദന, ഉരത്തിനു വേദന, മരപ്പ് എന്നിവയൊക്കെ അസ്ഥിതേയ്മാനത്തിന്റെ ലക്ഷണമാകാം. അതിനുള്ള പ്രത്യേക കിഴികൾ, ഉപനാഹം, ബന്ധനം, ലേപനം, ധാര, തൈലസേവ, സൂപ്പു ചേർത്ത ഔഷധങ്ങൾ, ഔഷധഘൃതം എന്നിവ ഫലപ്രദമായി ചെയ്തുവരുന്നു.

## ഞങ്ങളുടെ പ്രത്യേകതകൾ

- പ്രകൃതിരമണീയമായ ഗ്രാമീണാന്തരീക്ഷം • ഇൻഷുറൻസ് കവറേജ് ലഭ്യമാണ്
- ചികിത്സയ്ക്കുള്ള ഔഷധങ്ങൾ ആശുപത്രിയിൽത്തന്നെ നിർമ്മിക്കുന്നു
- 45–ൽ പരം വർഷത്തെ പരിചയമുള്ള സ്ത്രീ–പുരുഷ പഞ്ചകർമ്മ ടെക്നീഷ്യൻസ്

**കാന്റീൻ സൗകര്യം**

ആയുർവ്വേദത്തിന്റെ മൂല്യം കാത്തുസൂക്ഷിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org